**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5567** **24-03-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ക്യാൻസർ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ രോഗികൾ ഏറെയുള്ള മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (എ) | കാൻസർ ചികിത്സയ്ക്കായി ജില്ലയിൽ കാൻസർ കെയർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. ജില്ലയിൽ തിരൂർ ജില്ലാ ആശുപത്രി, മഞ്ചേരി ഗവൺമെന്റ് ജനറൽ ആശുപത്രി, പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, നിലമ്പൂർ ജില്ലാ ആശുപത്രി, എടവണ്ണ സീതി ഹാജി സെന്റർ എന്നിവിടങ്ങളിൽ നിലവിൽ കാൻസർ രോഗ വിദഗ്ധരുടെ സേവനവും, കീമോതെറാപ്പിയും നൽകുന്നുണ്ട്. ജില്ലയിൽ മഞ്ചേരി മെഡിക്കൽ കോളേജിലും, എടവണ്ണ സീതി ഹാജി കാൻസർ സെന്ററിലും മാമോഗ്രാം പരിശോധന നടത്തുന്നുണ്ട്. എൻഡോസ്കോപ്പി ചെയ്യാൻ തിരൂർ ജില്ലാ ആശുപത്രിയിൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗം സേവനം നൽകുന്നുണ്ട്. Signoidoscopy. Colonoscopy എന്നീ പരിശോധനകൾ തിരൂർ ജില്ലാ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. ഓറൽ കാൻസർ സ്ക്രീനിംഗ് എല്ലാ ഡെന്റൽ സർജൻ /ഇ. എൻ. ടി. ഒ.പി.കളിലും നടത്തുന്നുണ്ട്. ജില്ലയിൽ എക്സറേ, സി.റ്റി. സ്കാൻ, അൾട്രാ സൗണ്ട് എന്നീ സേവനങ്ങൾ വിവിധ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്. കാൻസർ ചികിത്സയ്ക്കായി നിലമ്പൂർ ജില്ലാ ആശുപത്രിയിൽ പത്തോളജി ലാബ് സ്ഥാപിക്കുകയും മഞ്ചേരി മെഡിക്കൽ കോളേജിന്റെ പത്തോളജി ലാബ് സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച സാമ്പിളുകൾ ഈ സ്ഥാപനങ്ങളിലെ ലാബ് നെറ്റ് വർക്കിംഗ് മുഖേന കൃത്യമായി മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെയും, നിലമ്പൂർ ജില്ലാ ആശുപത്രിയിലെയും പത്തോളജി ലാബിൽ എത്തിക്കുന്നുണ്ട്. കൂടാതെ ജില്ലയിൽ ക്യാൻസർ രോഗികളെ കണ്ടെത്തുന്നതിനായി 'ആരോഗ്യം |

| | | | |
|---|---|---|---|
| | | | ആനന്ദം - അകറ്റാം അർബുദം' എന്ന പേരിൽ കാൻസർ സ്ക്രീനിംഗ് നടത്തുകയും വ്യാപകമായി ബോധവൽക്കരണം നടത്തുകയും ആദ്യഘട്ട സ്ക്രീനിംഗിൽ ലക്ഷണങ്ങൾ ഉള്ളവരെ തുടർ ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്.<br><br>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്യാൻസർ രോഗനിർണ്ണയത്തിന് ആവശ്യമായ അൾട്രാസൗണ്ട് സ്കാനിംഗ്, സി.ടി സ്കാനിംഗ്, ബ്രസ്റ്റ് ക്യാൻസർ രോഗനിർണ്ണയത്തിനായുള്ള മാമോഗ്രാം പരിശോധന, എഫ്.എൻ.എ.സി പരിശോധന, Trucut Biopsy പരിശോധന, Cervical (ഗർഭാശയഗള ക്യാൻസർ രോഗ നിർണ്ണയത്തിനുള്ള - Pap smear പരിശോധന, ബയോപ്സി) Multiple myeloma, Leukmia തുടങ്ങിയവയുടെ രോഗനിർണ്ണയത്തിനുള്ള Bone marrow aspiration cytology and trephine, Biopsy പരിശോധന, Oral ക്യാൻസർ നിർണ്ണയത്തിനുള്ള Punch biopsy, Lymphomo രോഗനിർണ്ണയത്തിനായുള്ള excision biopsy എന്നിവ ഇവിടെ ലഭ്യമാണ്.<br><br>ക്യാൻസർ ചികിത്സയുടെ ഭാഗമായി ബ്രസ്റ്റ് ക്യാൻസർ ചികിത്സയ്ക്കുള്ള MRM, BCS സർജറി, Ovarian Cancer രോഗ നിർണ്ണയത്തിന്റെ ഭാഗമായ Staging laparotomy, ovarian cancer ചികിത്സയുടെ ഭാഗമായ cytoreduction സർജറി, Endometrial Cancer ചികിത്സയുടെ ഭാഗമായ hysterectomy എന്നിവയും ഇവിടെ ലഭ്യമാണ്.<br><br>ക്യാൻസർ ചികിത്സക്കാവശ്യമായ ഒരു കീമോ തെറാപ്പി വാർഡ് (ബെഡ്-5) ഇവിടെ ലഭ്യമാണ്. ഏകദേശം 50 രോഗികൾ ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ഒരു ദിവസം ഓങ്കോളജി ഒ.പിയിൽ എത്തുന്നുണ്ട്. ഏകദേശം ഒരു ദിവസം 20 ഇഞ്ചക്ഷൻ കീമോ തെറാപ്പി ചികിത്സ ഇവിടെ നിന്ന് നൽകുന്നു.<br><br>ക്യാൻസർ ചികിത്സക്കാവശ്യമായ എല്ലാവിധ ഇഞ്ചക്ഷൻ, കീമോ തെറാപ്പി, ഓറൽ കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ടാർഗറ്റെഡ് തെറാപ്പി, മോണോക്ലോണൽ ആന്റിബോഡി ട്രീറ്റ്മെന്റ് എന്നിവയും കെ.എം.എസ്.സി.എൽ സപ്ലൈ, കാസ്പ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയും ഇവിടെ ലഭ്യമാക്കുന്നു. |
| (ബി) | നിലവിലുള്ള സംവിധാനങ്ങൾ ക്യാൻസർ ചികിത്സയ്ക്ക് പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ജില്ലയിലെ 5 സർക്കാർ ആശുപത്രികളിൽ നിന്നുമുള്ള കാൻസർ രോഗികൾക്ക് കീമോതെറാപ്പി ചികിത്സ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | നൽകിവരുന്നുണ്ട്. ഇത് കൂടാതെ, കാൻസർ രോഗികൾക്ക് ആവശ്യമുള്ള സർജറികൾ എല്ലാ മേജർ ആശുപത്രികളിലും നടന്നുവരുന്നുണ്ട്. |
| (സി) | ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഒരു ക്യാൻസർ ആശുപത്രി അടിയന്തരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മലപ്പുറം ജില്ലയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ രോഗ ചികിത്സകൾ പ്രദാനം ചെയ്യുന്ന 5 ആശുപത്രികൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ